# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3433 — 21.12.2012 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ കൃഷിക്കാർക്കുള്ള വളം സബ്സിഡി

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കൃഷിക്കാർക്കുള്ള വളം സബ്സിഡി ഇനത്തിൽ മൊത്തം എന്തു തുക ഇനിയും കൊടുത്തു തീർക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ;<br><br>(ബി) സബ്സിഡി ഇനത്തിൽ കൃഷിക്കാർക്ക് കൊടുത്തു തീർക്കാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) & (ബി) കൃഷിക്കാർക്ക് വളം സബ്സിഡി നൽകുന്നതിനായി പ്രത്യേകമായി പദ്ധതി ആവിഷ്കരിച്ചിട്ടില്ല. ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി അനുസരിച്ച് എല്ലാ രാസവളങ്ങൾക്കും രാസവളത്തിൽ അടങ്ങിയിട്ടുള്ള മൂലകങ്ങൾ അനുസരിച്ചാണ് സബ്സിഡി നിശ്ചയിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് സബ്സിഡി തുക കമ്പനികൾക്ക് നേരിട്ട് നൽകുകയും സബ്സിഡി കഴിച്ചുള്ള വിലയ്ക്ക് രാസവളം പൊതു വിപണിയിൽ കർഷകർക്ക് ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. |
| (സി) നിലവിൽ ഏതെല്ലാം വളങ്ങൾക്ക്, ഏതെല്ലാം കൃഷിയിൽ ഏർപ്പെട്ടവർക്ക് എത്ര ശതമാനം തുക വീതം സബ്സിഡി നൽകുന്നുണ്ട്; വളങ്ങളുടെ വില വർദ്ധിച്ച സാഹചര്യത്തിൽ ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) നെല്ലിന് രാസവളം ഉൾപ്പെടെയുള്ള ഉൽപ്പാദനോപാധികൾക്കായി ഹെക്ടറിന് സുസ്ഥിര നെൽകൃഷി പദ്ധതിപ്രകാരം 4000/- രൂപയും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഹെക്ടറിന് 3000/- രൂപയും കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് പദ്ധതിപ്രകാരം തെങ്ങിന് ഹെക്ടറിന് 17500/- രൂപയും പച്ചക്കറിക്ക് നിലവിലുള്ള ക്ലസ്റ്ററിന് 15000/- രൂപയും പുതിയ ക്ലസ്റ്ററിന് 22500/- രൂപയും അനുവദിച്ചു വരുന്നു. വളങ്ങളുടെ വില വർദ്ധിച്ച സാഹചര്യത്തിൽ സബ്സിഡി വർദ്ധിപ്പിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ